**19U325** (Pages: 2) Name: ................................

Reg.No: ................................

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2020**

(CBCSS - UG)

**CC19U MAL3 B03 - നവീന മലയാള കവിത**

(Malayalam - Core Course )

(2019 Admission - Regular)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. ആധുനികമലയാളകവിതയുടെ സവിശേഷതകൾ എന്തെല്ലാം ?
2. ആധുനികത എന്ന പദത്തിന്റെ  അർത്ഥം എന്ത്?
3. ”ചുണ്ടിലിക്കാണും പ്രകാശമാണായിരം-ചെണ്ടിൽ തെളിവതുഷസ്സുതോറും” -വിവക്ഷ എന്ത് ?
4. നാഴികമണിയും തസ്തികയും കണ്ണാടിയും ശാന്ത എന്ന കവിതയിൽ പ്രതിനിധാനംചെയ്യുന്നതെന്ത് ?
5. "ചത്തകാലത്തിൽ തളം കെട്ടിയ ചളിക്കുണ്ടിൽ ശവംനാറിപ്പുല്ലുതിന്നാവോളവും കൊഴുത്ത മെയ്യാകവേ താഴ്ത്തി നീയെത്ര ശാന്തനായ് കിടക്കുന്നൂ "-ആശയം വിശദമാക്കുക.
6. 'ചുഴലി പൊട്ടിപ്പുറപ്പെടുന്നത് ' എവിടെനിന്നാണെന്നാണ് പഴയ ആളുകൾക്ക് മനസ്സിലായത്?
7. 'ഗതി കിട്ടാത്തതാ-മവൾ തന്നാത്മാവിന്നൊരു യന്ത്രംപോലെയഴിച്ചെടുത്ത്.....' എവിടെ ചേർക്കണമെന്നാണ് കവി ചിന്തിക്കുന്നത്?
8. ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥയ്ക്ക് ഒരാമുഖം എന്ന ആത്മകഥയുടെ പ്രമേയമെന്ത്?
9. "ലോകാഭിവാഞ്ജിതമീ വിളക്കെൻ നെടുവീർപ്പാൽക്കെടുകയോ"? സൂചിതമെന്ത്?
10. "സ്വപ്നം കാണട്ടെ " .... അമ്മ കാണാനാഗ്രിഹിക്കുന്ന സ്വപ്നമെന്ത്?
11. ഒരുറക്കിനു മാത്രം വീടണയുന്ന മകനെ അമ്മ നേരിടുന്നതെങ്ങനെ?
12. " ഇന്നത്തത്താഴം ഇതുകൊണ്ടാകാം " എന്തുകൊണ്ട് ?
13. കനം എന്ന കവിതയുടെ പ്രമേയമെന്ത്?
14. "ചിരമാം ശൈശവമെനിക്കു ലക്ഷണം" - എന്തിനെക്കുറിച്ചാണ് പരാമർശം?
15. കവിക്ക് സ്വന്തം വീടിനോട് വെറുപ്പ് തോന്നുന്നത് എന്തുകൊണ്ട് ?

(Ceiling: 25 Marks)

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. നാടോടിസംസ്കാരം നവീനമലയാളകവിതയിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെ?

17. "ചാകരമഹോത്സവപ്പെരുന്നാളിലലയടി ച്ചാർക്കുന്ന കടലോരമെവിടെന്റെ മക്കളേ" - ആശയം വിശദമാക്കുക

18. ദാഹജലംതേടിപ്പോയ കുമാരന്റെ കാൽപ്പെരുമാറ്റം കേൾക്കാൻ കാതോർത്തു കണ്ണുപൊടിഞ്ഞിരിക്കുന്ന മാതാപിതാക്കന്മാരെ ഞാൻ കണ്ടു - വരികളിലെ സൂചിത കഥയെന്ത് ?

19. അധികാര ഭീകരതയും അനീതിയും 'പനി' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

20. നവോത്ഥാനാനന്തരം കേരള സമൂഹത്തിലുണ്ടായ മാറ്റങ്ങൾ സ്ത്രീ ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെ?

21. ഭാവനകൊണ്ടുപോലും സ്വന്തം ജീവിതം തിരിച്ചു പിടിക്കാൻ കഴിയാത്ത അടിമയാണ് മൃഗശിക്ഷകനിലെ മൃഗം - വിശദമാക്കുക

22. കാപട്യങ്ങൾ നിറഞ്ഞ വലിയലോകത്തെ പന്തു കായ്ക്കും കുന്ന് എന്ന ചെറിയ കവിതയിൽ ആവിഷ്ക്കരിക്കുന്നെതെങ്ങനെ?

23. കാലത്തെക്കുറിച്ചുള്ള കവിയുടെ ചിന്തകൾ എന്തെല്ലാം?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. ആധുനികമലയാളകവിതയുടെ സവിശേഷതകൾ എന്തെല്ലാം ? 'കാടെവിടെ മക്കളേ' എന്ന കവിതയെ മുൻനിർത്തി വിശകലനംചെയ്യുക

25. ആധുനിക മലയാളകവിതയും രാഷ്ട്രീയവും – ഉപന്യസിക്കുക

26. മാതൃത്വത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുക്കി ബാലാമണിയമ്മയുടെ ഗൗരവപരമായ രചനകളെ നിസ്സാരവത്ക്കരിക്കയാണ് മലയാള കവിതാ സാഹിത്യം. "മഴുവിന്റെ കഥ" എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

27. ദളിതരെ ചൂഷണം ചെയ്യുന്ന പൊതുസമൂഹത്തിന്റെ മനോഭാവം വ്യക്തമാക്കുന്നതാണ്' ' കൊട്ട 'എന്ന കവിത വിശദീകരിക്കുക.

**(2 × 10 = 20 Marks)**

*******